LIBRARY ARCHIVES Kerala Legislative Assembly

അതിനാൽ കേരളത്തിൽ ഒരു കപ്പൽ നിർമ്മാണശാലയ്ക്കനുയോജ്യമായ സ്ഥലങ്ങൾ കൊച്ചി ഷിപ്പ്യാർഡിന്റെ റിപ്പോർട്ട് പ്രകാരം മുൻഗണനാ ക്രമത്തിൽ 1. വിഴിഞ്ഞം, 2. പൂവാർ, 3. അഴീക്കൽ എന്നിങ്ങനെയാണ്.

ഷിപ്പ്യാർഡ് ഒരുക്കുന്നതിന് ഒന്നര കിലോമീറ്റർ വാട്ടർ ഫ്രണ്ടോടുകൂടിയ 100 ഏക്കർ സ്ഥലവും മറ്റ് അടിസ്ഥാന സൗകര്യങ്ങളായ റോഡ്, റെയിൽ, ഇലക്ട്രിസിറ്റി, വാട്ടർ എന്നിവയും സംസ്ഥാന സർക്കാർ നൽകണമെന്നും ശിപാർശ ചെയ്തിരുന്നു. എന്നാൽ വിഴിഞ്ഞം അന്താരാഷ്ട്ര ആഴക്കടൽ വിവിധോദ്ദേശ്യ തുറമുഖ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം തുടങ്ങിയതിനുശേഷം കപ്പൽ നിർമ്മാണശാല പദ്ധതിയുമായി മുന്നോട്ട് പോകുന്നതായിരിക്കും ഉചിതം എന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

സ്വകാര്യഭൂമിയിൽ വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നവർക്ക് ധനസഹായം

18 (*468) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. വർക്കല കഹാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യഭൂമിയിൽ വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നവർക്ക് ധനസഹായത്തിനുള്ള പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതി അനുസരിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ;

(ഡി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):

(എ) സംസ്ഥാനത്തെ സ്വകാര്യഭൂമികളിൽ വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നവർക്ക് പ്രോത്സാഹന ധനസഹായം നൽകുന്ന പദ്ധതി 2012 വർഷം മുതൽ നടപ്പിലാക്കിവരുന്നുണ്ട്. 17-2-2012-ലെ ജി.ഒ. (ആർ‌റ്റി.) നമ്പർ 99/12/വനം, 29-9-2012-ലെ ജി.ഒ. (ആർ‌റ്റി.) നമ്പർ 486/12/വനം എന്നിവ പ്രകാരമാണ് ഈ പദ്ധതി നടപ്പിലാക്കിവരുന്നത്. തേക്ക്, ചന്ദനം, മഹാഗണി, ആഞ്ഞിലി, പ്ലാവ്, ഈട്ടി, കമ്പകം, കമ്പിൾ, കന്നിവാക, തേമ്പാവ് എന്നിങ്ങനെ പത്തിനം വൃക്ഷത്തൈകൾ നട്ടുപരിപാലിക്കുന്നവർക്ക് തൈകളുടെ എണ്ണം അനുസരിച്ച് മൂന്ന് തലങ്ങളിലായാണ് ധനസഹായം നൽകുന്നത്. 50 തൈകൾ മുതൽ 200 തൈകൾ വരെ തൈ ഒന്നിന് 50 രൂപ നിരക്കിലും, 201 മുതൽ 400 എണ്ണം തൈകൾക്ക് തൈ ഒന്നിന് 40 രൂപ നിരക്കിലും 401 മുതൽ 625 എണ്ണം തൈകൾക്ക് തൈ ഒന്നിന് 30 രൂപ നിരക്കിലുമാണ് ധനസഹായം നൽകുന്നത്.

(ബി) സ്വകാര്യഭൂമിയിലെ ശോഷിച്ചുവരുന്ന ജൈവവൈവിദ്ധ്യം സംരക്ഷിക്കുന്നതോടൊപ്പം വൃക്ഷാവരണം, തടിയുല്പാദനം എന്നിവ വർദ്ധിപ്പിക്കുകയും സർവ്വ സാധാരണമായി ഉപയോഗിക്കുന്ന തടിയിനങ്ങളിൽ സ്വയംപര്യാപ്തത കൈവരിക്കുകയും അതുവഴി ഭൂവുടമകൾക്ക് അധികവരുമാനം ലഭ്യമാക്കുന്നതിനിടയാക്കുന്നതിനും വേണ്ടിയുള്ള പദ്ധതിയാണിത്. നിലവിലുള്ള വിളകളുടെ വിലയിൽ ഇടയ്ക്കിടെയുണ്ടാകുന്ന വ്യതിയാനങ്ങളെ വൃക്ഷം വളർത്തൽ മുഖേന ചെറുക്കുന്നതിന് കർഷകരെ സഹായിക്കുക, വൃക്ഷം വളർത്തലിനെ മറ്റൊരു കാർഷിക വൃത്തിയാക്കുവാൻ കർഷകരെ പ്രോത്സാഹിപ്പിക്കുക, ഇതുവഴി സ്വകാര്യ കൈവശസ്ഥലങ്ങളെ ഹരിതാഭമാക്കുക, ജൈവ വൈവിദ്ധ്യം പരിപോഷിപ്പിക്കുക, ആവാസ വ്യവസ്ഥാസേവനങ്ങൾ വർദ്ധിച്ച അളവിൽ ജനങ്ങൾക്ക് ലഭ്യമാക്കുക എന്നിവ കൂടാതെ ആഗോള താപനത്തേയും കാലാവസ്ഥാ വ്യതിയാനത്തേയും ചെറുത്ത് അതിന്റെ ദൂഷ്യഫലങ്ങൾ ലഘൂകരിക്കുകയെന്നതും ഈ പദ്ധതി മുഖേന ലക്ഷ്യമിടുന്നുണ്ട്.

(സി&ഡി) 2012 വർഷം മുതൽ ഈ പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. എല്ലാ വർഷവും ഓഗസ്റ്റ് - സെപ്റ്റംബർ മാസങ്ങളിൽ മാധ്യമങ്ങളിൽ പരസ്യം പ്രസിദ്ധീകരിച്ച് എല്ലാ ജില്ലകളിലും അപേക്ഷകൾ ക്ഷണിക്കുകയും ബന്ധപ്പെട്ട സോഷ്യൽ ഫോറസ്ട്രി വിഭാഗം റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ നിശ്ചിത പ്രൊഫോർമയിൽ അപേക്ഷകൾ സ്വീകരിച്ച് ആയതിന്മേൽ സെക്ഷൻ ഫോറസ്റ്റ് ഓഫീസർ സ്ഥലപരിശോധന നടത്തി പരിശോധനാ റിപ്പോർട്ടും അപേക്ഷയും ജനപ്രതിനിധികളുൾപ്പെടുന്ന പഞ്ചായത്ത് ലെവൽ കമ്മിറ്റിയുടെ വിലയിരുത്തലിനുശേഷം ശിപാർശകളോടെ ജില്ലാതല കമ്മിറ്റിക്ക് നൽകുകയും സോഷ്യൽ ഫോറസ്ട്രി വിഭാഗം അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ കൺവീനറായുള്ള ജില്ലാതല

LIBRARY ARCHIVES Kerala Legislative Assembly

കമ്മിറ്റി ആയവ പരിഗണിച്ച് ധനസഹായം തീരുമാനിച്ച് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അക്കൗണ്ട് പേയീ ചെക്കായി അപേക്ഷകന് തുക നൽകുകയും ചെയ്യുന്നു. 2012 മുതൽ വിതരണം ചെയ്ത തുകയുടെ വിവരം ചുവടെ ചേർക്കുന്നു :

വർഷം	തെരഞ്ഞെടുത്ത അപേക്ഷകൾ (എണ്ണം)	വിതരണം ചെയ്ത തുക
2012-13	323	13,30,980 രൂപ
2013-14	238	8,47,493 രൂപ
2014-15	446	10,85,635 രൂപ

കേസന്വേഷണങ്ങൾ

19 (*469) ശ്രീ. എസ്. ശർമ്മ :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിലും തെളിയിക്കുന്നതിലും പോലീസിന് വീഴ്ച സംഭവിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ കാരണം വിശദമാക്കുമോ ;

(ബി) ക്രൈംബ്രാഞ്ച് ഇൻവെസ്റ്റിഗേഷൻ വകുപ്പിനെ പുനഃസംഘടിപ്പിക്കുന്നതിന് പോലീസ് മേധാവി ശിപാർശ സമർപ്പിച്ചിട്ടുണ്ടോ ; ആയതിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ ;

(സി) പ്രമാദമായ കേസുകൾ വർദ്ധിക്കുന്ന സാഹചര്യത്തിൽ ഡിസ്ട്രിക്ട് ക്രൈംബ്രാഞ്ചിന് കൂടുതൽ ചുമതല നൽകിയിട്ടുണ്ടോ ;

(ഡി) ലോക്കൽ പോലീസിന്റെ അന്വേഷണങ്ങളെ സംബന്ധിച്ച് ആക്ഷേപങ്ങൾ ഉണ്ടായിട്ടുള്ളതായി അറിയാമോ ;

(ഇ) പരാതികൾ ഉയർന്നു വന്നതിന്റെ പേരിൽ അത്തരം കേസുകൾ ഡിസ്ട്രിക്ട് ക്രൈംബ്രാഞ്ചിനെ കൊണ്ട് അന്വേഷിപ്പിക്കേണ്ടി വന്നിട്ടുണ്ടോ ; വിശദമാക്കാമോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല):

(എ) കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിലും തെളിയിക്കുന്നതിലും പോലീസിന് വീഴ്ച പറ്റിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിലവിലുള്ള സംവിധാനങ്ങളും സാങ്കേതിക സൗകര്യങ്ങളും ഉപയോഗിച്ച് കാര്യക്ഷമമായ രീതിയിൽ അന്വേഷണം നടത്തി

LIBRARY ARCHIVES Kerala Legislative Assembly